# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## ജില്ലാ ഓഫീസ്, പാലക്കാട്

**സാധ്യതാപട്ടിക നമ്പർ** : 5/09/**പി.കെ.ഡി.** **പാലക്കാട്**
**കാറ്റഗറി നമ്പർ** : 108/06 24.03.09

## വിജ്ഞാപനം

പാലക്കാട് ജില്ലയിൽ വിവിധ വകുപ്പുകൾ/കേരള വാട്ടർ അതോറിറ്റി/കേരള ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ 3050-5230 (പ്രീ റിവിഷൻ) രൂപാ ശമ്പള നിരക്കിൽ **എൽ.ഡി.ക്ലാർക്ക് (പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)** തസ്തികയിലേയ്ക്ക് (കാറ്റഗറി നമ്പർ 108/06) ഉള്ള തെരഞ്ഞെടുപ്പിനായി 19.04.2008 ാം തീയ്യതിയിൽ നടത്തിയ പൊതുപരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി സോപാധികമായി അർഹരാണെന്നു കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ചുവടെ ചേർത്തിരിക്കുന്നു. ഈ രജിസ്റ്റർ നമ്പറുകൾ അവയുടെ സംഖ്യാ ക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

റാങ്ക് പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനു മുൻപായി ഈ പട്ടികയിലുൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ ജനനത്തീയ്യതി, സമുദായം, യോഗ്യത തുടങ്ങിയവ തെളിയിക്കേണ്ടതാണ്. അതിലേക്കായി പ്രമാണങ്ങളുടെ അസ്സൽ പരിശോധിക്കുന്നതാണ്.

പരീക്ഷയിൽ 67 (അറുപത്തി ഏഴ്) ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് ഈ സാദ്ധ്യതാപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

രജിസ്റ്റർ നമ്പറുകൾക്കു മുൻപായി പാലക്കാട് ജില്ലയെ സൂചിപ്പിക്കുന്ന 'പി' എന്ന അക്ഷരം ചേർത്തു വായിക്കേണ്ടതാണ്.

## മുഖ്യപട്ടിക

| | | | | | |
|---|---|---|---|---|---|
| 200839 | 200871 | 201336 | 201510 | 201679 | 201990 |
| 201993 | 202074 | 202304 | 202432 | 202457 | 202580 |
| 202615 | 202680 | 202779 | 202855 | 203205 | 203856 |
| 203858 | 203957 | 203977 | 204283 | 204374 | 204431 |
| 204440 | 204622 | 204625 | 204804 | 205626 | |

## ഉപപട്ടിക (പട്ടിക വർഗ്ഗക്കാർ മാത്രം)

200523 204545 205405 205483 205492 205558

## List II - വികലാംഗർ

അന്ധർ

ഈ തസ്തികയ്ക്ക് അനുയോജ്യരല്ല

ബധിരർ/മൂകർ

**ഇല്ല**

മറ്റ് വൈകല്യമുള്ളവർ(OPH)

202420 202421 205519

**കുറിപ്പ് 1** : അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും, നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി, തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാദ്ധ്യതാപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടുവെന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിയ്ക്ക് പ്രദാനം ചെയ്യുന്നില്ല.

**കുറിപ്പ് 2** : അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാദ്ധ്യതാപട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനു ശേഷമുള്ള അവകാശ വാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

**കുറിപ്പ് 3** : സാദ്ധ്യതാപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരുന്ന കാര്യങ്ങൾ – അതായത് യോഗ്യത, ജനനത്തീയതി, ജാതി എന്നിവയും, മറ്റ് ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ അതും – തെളിയിക്കുന്നതിനാവശ്യമായ അസ്സൽ പ്രമാണങ്ങളുടെ പരിശോധനയ്ക്കായി നിശ്ചിത സ്ഥലത്തും, തീയ്യതിയിലും പ്രമാണങ്ങളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകൾ സഹിതം, നേരിട്ട് ഹാജരാകേണ്ടതാണ്. പ്രമാണങ്ങളുടെ പരിശോധനയ്ക്ക് നേരിൽ ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ പേരുകൾ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതല്ല.

സംവരണാനുകൂല്യത്തിനായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ തഹസിൽദാരിൽ നിന്നും 22.03.2005 ന് ശേഷം ലഭിച്ച ജാതി സർട്ടിഫിക്കറ്റും, 2 ശരിപ്പകർപ്പുകളും ഹാജരാക്കേണ്ടതാണ്. ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ഇനിയൊരറിയിപ്പു കൂടാതെ തന്നെ ഈ പട്ടികയിൽനിന്ന് നീക്കം ചെയ്യുന്നതാണ്.

വിമുക്ത ഭടൻമാർ, കായികതാരങ്ങൾ, അംഗവൈകല്യം സംഭവിച്ചവർ എന്നീ വിഭാഗത്തിൽപ്പെട്ടവർ അവർക്കായുള്ള പ്രത്യേക ആനുകൂല്യങ്ങൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കണ്ടതാണ്. ഉദ്യോഗാർത്ഥികൾ നേരിട്ടല്ലാതെ ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല.

സാദ്ധ്യതാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ ഉദ്യോഗാർത്ഥികളുടെയും (വികലാംഗർ ഒഴികെ) അസ്സൽ പ്രമാണങ്ങളുടെ പരിശോധന **24.04.09** ന് **രാവിലെ 9 മണിക്ക്** പാലക്കാട് സിവിൽ സ്റ്റേഷനിലുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസിൽ വച്ച് നടത്തുന്നതാണ്. ഇതിലേയ്ക്കായി വ്യക്തിഗത മെമ്മോ അയക്കുന്നതാണ് ഉദ്യോഗാർത്ഥികൾ പ്രമാണങ്ങളുടെ പരിശോധനയ്ക്കായി അന്നേ ദിവസം കൃത്യസമയത്ത് സ്വന്തം ചെലവിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുയോ വീണ്ടും ഒരവസരം നൽകുകയോ ചെയ്യുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വികലാംഗരായ ഉദ്യോഗാർത്ഥികളുടെ അസ്സൽ സർട്ടിഫിക്കറ്റ് പരിശോധന, യോഗ്യത നിർണ്ണയത്തിനുള്ള ഇൻറർവ്യൂ എന്നിവയുടെ സമയവും, തീയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതാണ്. ആയതിന് വ്യക്തിഗത മെമ്മോ അയക്കുന്നതാണ്.

## ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട പ്രമാണങ്ങൾ

| | | | |
|---|---|---|---|
| 1. | ജനന തീയ്യതി, വയസ്സ് | : | ബന്ധപ്പെട്ട സ്കൂൾ രേഖകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും |
| 2. | വിദ്യാഭ്യാസ യോഗ്യത | : | എസ്.എസ്.എൽ.സി. പാസ്സായ സർട്ടിഫിക്കറ്റ് (അസ്സലും പകർപ്പും) |
| 3. | ജാതി, സമുദായം (സംവരണാനുകൂല്യത്തിന്) | : | ജാതി സർട്ടിഫിക്കറ്റ് (അസ്സലും 2 പകർപ്പും) |
| 4. | വിമുക്തഭടന്മാർ | : | ഡിസ്ചാർജ് സർട്ടിഫിക്കറ്റ്, പെൻഷൻ പേമെന്റ് ഓർഡർ എന്നിവയുടെ അസ്സലും പകർപ്പും |
| 5. | കായികതാരങ്ങൾ | : | സ്പോർട്സ് കൗൺസിൽ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും പകർപ്പുകളും |
| 6. | സർവ്വീസിലുള്ള ഉദ്യോഗാർത്ഥികൾ | : | ബന്ധപ്പെട്ട വകുപ്പ് മേധാവിയിൽ നിന്നോ ആഫീസ് മേധാവിയിൽ നിന്നോ ലഭിച്ച രസീത്/നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (ഒറിജിനൽ) |

മുകളിൽ പറയും പ്രകാരമുള്ള സർട്ടിഫിക്കറ്റുകളും രേഖകളും വെരിഫിക്കേഷൻ സമയത്തിനുശേഷം ഹാജരാക്കാൻ അവസരം നൽകുന്നതല്ല.

കെ.പി.എസ്.സി. ജില്ലാ ആഫീസ്,
പാലക്കാട്.

കമ്മീഷന്റെ ഉത്തരവനുസരിച്ച്

കെ. ചന്ദ്രശേഖരപിള്ള
ജില്ലാ ഓഫീസർ,
കെ.പി.എസ്.സി. ജില്ലാ ആഫീസ്, പാലക്കാട്.

വിതരണാനുമതി നൽകുന്നു

സെക്ഷൻ ഓഫീസർ

pr/probability list/24/3/